**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സവിശേഷ സഹായം അർഹിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പി.ജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപ്പെട്ട അപേക്ഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു. 2. വിദ്യാജ്യോതി പദ്ധതി ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി.കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. 3. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ/ട്യൂഷൻ ഫീ, പരീക്ഷാ ഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും, അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. 4. വിജയാമൃതം പദ്ധതി വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി/പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും സാധിക്കുന്നു. ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർത്ഥികളാണ് ഗുണഭോക്താക്കൾ. പി.ജി/പ്രൊഫഷണൽ കോഴ്സുകൾക്ക് 60 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയിരിക്കണം. അപേക്ഷകർ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യ അവസരത്തിൽ തന്നെ പാസായിരിക്കണം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിദ്യാജ്യോതി പദ്ധതി എന്നിവയുടെ സ്കോളർഷിപ്പ് നിരക്ക് പട്ടിക അനുബന്ധമായി ചേർക്കുന്നു . |
| (ബി) | ഈ വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | മേൽ പരാമർശിത പദ്ധതികൾക്കായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവർക്കായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (സി) | സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഭിന്നശേഷി സ്കോളർഷിപ്പ്, വിദ്യാജ്യോതി, വിദൂരവിദ്യാഭ്യാസ സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികൾ തുടർപദ്ധതികളായി |

| | | | |
|---|---|---|---|
| | | | നടപ്പാക്കിവരുന്നു. കൂടാതെ കോവിഡ് 19 മഹാമാരി കാരണം സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും പൂർണ്ണമായും അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ മാനസിക പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ 'സഹജീവനം' ഭിന്നശേഷി സഹായകേന്ദ്രങ്ങൾ നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

സ്കോളർഷിപ്പ് നിരക്ക്

| ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് അലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 | -------- | 200 |
| 5 മുതൽ 10 വരെ | 500 | --------- | 200 |
| +1, +2, ITI തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| ഡിഗ്രി, പി.ജി, പോളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | 1000 | 1500 | 400 |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

വിദ്യാജ്യോതി പദ്ധതി

സ്കോളർഷിപ്പ് നിരക്ക്

| ക്രമ നം. | കോഴ്സ്/ ക്ലാസ്സ്/ വിഭാഗം | പഠനോപകരണങ്ങൾ | യൂണിഫോം (ഒരു കാറ്റഗറിയിൽ ഒറ്റ തവണ മാത്രം) |
|---|---|---|---|
| 1 | 9, 10 ക്ലാസ്സുകൾ | 1000 | 1500 |
| 2 | +1, +2, ITI, VHSC | 2000 | 1500 |
| 3 | ഡിഗ്രി/ ഡിപ്ലോമ/ പ്രൊഫഷണൽ കോഴ്സുകൾ | 3000 | - |
| 4 | പി.ജി | 3000 | - |

## ഭിന്നശേഷി സ്കോളർഷിപ്പ്- ചെലവ് വിവരം

| ക്രമ നം | ജില്ല | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 232500 | 607500 | 1202500 | 1039500 | 628500 |
| 2 | കൊല്ലം | 28000 | 97500 | 150000 | 5000 | 85000 |
| 3 | പത്തനംതിട്ട | 110000 | 0 | 0 | 0 | 0 |
| 4 | ആലപ്പുഴ | 20000 | 45000 | 35500 | 0 | 10000 |
| 5 | കോട്ടയം | 162350 | 0 | 72500 | 0 | 9600 |
| 6 | ഇടുക്കി | 118601 | 0 | 0 | 0 | 0 |
| 7 | എറണാകുളം | 173200 | 20000 | 20000 | 10000 | 20000 |
| 8 | തൃശ്ശൂർ | 0 | 253600 | 100800 | 50000 | 0 |
| 9 | പാലക്കാട് | 275000 | 279000 | 170000 | 65000 | 170000 |
| 10 | മലപ്പുറം | 258000 | 92500 | 0 | 27500 | 0 |
| 11 | കോഴിക്കോട് | 296300 | 1399250 | 0 | 0 | 152000 |
| 12 | വയനാട് | 0 | 42500 | 159000 | 115500 | 137500 |
| 13 | കണ്ണൂർ | 0 | 375000 | 0 | 0 | 1962354 |
| 14 | കാസർഗോഡ് | 107500 | 82500 | 61000 | 0 | 0 |
| | ആകെ | 1781451 | 3294350 | 1971300 | 1312500 | 3174954 |

## വിദ്യാജ്യോതി-ചെലവ് വിവരം

| ക്രമ നം | ജില്ല | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | | | | |
| 1 | തിരുവനന്തപുരം | 360000 | 596614 | 303508 | 238000 |
| 2 | കൊല്ലം | 422000 | 267015 | 257249 | 94625 |
| 3 | പത്തനംതിട്ട | 143000 | 152055 | 139010 | 25916 |
| 4 | ആലപ്പുഴ | 299000 | 148651 | 124667 | 27590 |
| 5 | കോട്ടയം | 183000 | 76400 | 239832 | 166790 |
| 6 | ഇടുക്കി | 173000 | 260134 | 152223 | 56737 |
| 7 | എറണാകുളം | 126000 | 24235 | 182634 | 3880 |
| 8 | തൃശ്ശൂർ | 443000 | 407500 | 299766 | 192164 |
| 9 | പാലക്കാട് | 399000 | 152197 | 194069 | 83565 |
| 10 | മലപ്പുറം | 107143 | 350747 | 302488 | 165398 |
| 11 | കോഴിക്കോട് | 671000 | 31888 | 105264 | 31633 |
| 12 | വയനാട് | 189000 | 86387 | 148606 | 53153 |
| 13 | കണ്ണൂർ | 399000 | 190265 | 293437 | 76069 |
| 14 | കാസർഗോഡ് | 160000 | 138538 | 87432 | 164434 |
| | ആകെ | 4074143 | 2882626 | 2830185 | 1379954 |